**പതിമുന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1516

05.12.2014- ലെ
മറുപടിക്ക്.

**സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രഫണ്ട് വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. എളമരം കരീം<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രഫണ്ട് വിതരണം സംബന്ധിച്ച് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ മാനദണ്ഡം എന്താണെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ: | (എ) (ബി) ബി.കെ.ചതുർവേദി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രപദ്ധതികളുടെ പുന:എകീകരണം സംബന്ധിച്ച് കേന്ദ്രം സംസ്ഥാനത്തെ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശപ്രകാരം നിലവിലെ 137 കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏകീകരിച്ച് 66 ആക്കുകയും, എല്ലാ കേന്ദ്രസഹായങ്ങളും (Direct Funding ഉൾപ്പെടെ ഉള്ളവ) 2014-15 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സഞ്ചിതനിധിയിലൂടെ (Consolidated Fund) മാത്രം ആക്കുവാനും എല്ലാ പ്ലാൻ പദ്ധതികളും സംസ്ഥാനത്തിനുള്ള കേന്ദ്രസഹായമായി കണക്കാക്കുവാനും തീരുമാനിച്ചിട്ടുള്ളതാകുന്നു. |
| (ബി) ഇപ്രകാരം സംസ്ഥാനത്തിന് പുതുതായി എന്തെങ്കിലും അധികാരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അധികാരം എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | |
| (സി) കേന്ദ്രസഹായങ്ങളിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2011-12-ൽ 1406.28 കോടി രൂപയും, 2012-13-ൽ 2176.60 കോടി രൂപയും, 2013-14-ൽ 2643.20 കോടി രൂപയും, 2014-15-ൽ 2733.53 കോടി രൂപയും ആണ് കേന്ദ്ര പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളത്. |
| (ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുനർ രൂപീകരണം സംസ്ഥാനത്തിന് സഹായകര മാണോ; പുനർരൂപീകരണത്തിലൂടെ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ; | (ഡി) പുന:ക്രമീകരണം കൊണ്ട് ചുവടെ പ്രകാരമുള്ള മാറ്റങ്ങൾ സംസ്ഥാനത്തിന് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>1. ഫണ്ട് കൈമാറ്റം കൂടുതൽ സുതാര്യമാകുന്നു.<br>2. ഏകീകൃത കേന്ദ്ര നിരീക്ഷണ/ കണക്കെടുപ്പ് സംവിധാനം കൂടുതൽ ഫലപ്രദമാകും. തൻമൂലം, അതാതു മന്ത്രാലയങ്ങൾക്ക് പദ്ധതികളുടെ വിലയിരുത്തൽ ഫലപ്രദമായി സാദ്ധ്യമാകും.<br>3. മുഖ്യ പതാക നൗക പദ്ധതികളുടെ റിലീസ് നേരിട്ട് നടത്തിപ്പ് ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്നതിന് പകരം സംസ്ഥാന ബഡ്ജറ്റിലൂടെ നൽകുന്നത് ഫണ്ടിന്റെ കൃത്യമായ വരവ്/ ചെലവ് നിരീക്ഷിക്കുവാൻ |

സംസ്ഥാനത്തിന് സാധ്യമാകും.

4. എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും 10% ഫ്ളക്സി ഫണ്ടുകൾ വകയിരുത്തും. ഇത് സംസ്ഥാനങ്ങൾക്ക് അവരുടെ ആവശ്യമനുസരിച്ചുളള പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (ഇ) | കേന്ദ്രസർക്കാരിന്റെ തീരുമാനം അനുസരിച്ച് ആസൂത്രണ കമ്മീഷൻ സംസ്ഥാനത്തിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ഇ) | ആസൂത്രണ കമ്മീഷനിൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും ലഭ്യമായിട്ടില്ല. |

Bijumon

സെക്ഷൻ ഓഫീസർ

SN/